ലേഖനം

ഡോ. എൻ. പ്രശാന്തകുമാർ

മാധവിക്കുട്ടിയുടെ മതപരിവർത്തനം

മാധവിക്കുട്ടിയുടെ മതപരിവർത്തനത്തിനുള്ള കാരണങ്ങളധികവും മനഃശാസ്ത്രപരമാണ്. അകാരണമായി വേട്ടയാടപ്പെടുന്ന ഒരു വ്യക്തിയാണ് താനെന്ന തോന്നൽ അവരുടെ രചനകളിലെന്നതുപോലെ പ്രസ്താവങ്ങളിലുമുണ്ട്. ഇത് ഒരുതരത്തിലുള്ള പാരനോയിയ ആണ്. അമിതമായ സ്വപ്രാധാന്യബോധമോ അകാരണമായ പീഡിതബോധമോ ആണ് സാധാരണയായി ഈ മനോരോഗത്തിന്റെ ലക്ഷണങ്ങൾ. മാധവിക്കുട്ടി അനുഭവിക്കുന്നതരത്തിലുള്ള 'പാരനോയിയ' പീഡിതബോധത്തിൽ നിന്നുളവായതാണ്.

മാധവിക്കുട്ടിയുടെ മതപരിവർത്തനം എന്റെ കഥയുടെ പ്രകാശനംപോലെ വിവാദങ്ങൾക്ക് വഴിതെളിച്ചിരിക്കുന്നു.

എഴുത്തുകാരുടെ മതപരിവർത്തനം എപ്പോഴും വാർത്താപ്രാധാന്യമുള്ള സംഭവമാണ്. എന്നാൽ മതം തികച്ചും വ്യക്തിപരമായ കാര്യമാണ്. ഒരു വ്യക്തിയുടെ മതപരിവർത്തനത്തിൽ സമൂഹമോ സംഘടനകളോ മറ്റു വ്യക്തികളോ ഇടപെടേണ്ട ആവശ്യമില്ല. മാധവിക്കുട്ടിയുടെ മതപരിവർത്തനം അനാരോഗ്യകരമായ ചില സംഭവങ്ങളിലേക്ക് നയിക്കുന്നുവെന്നുള്ളത് ദുഃഖകരമാണ്. ഈ സംഭവത്തിന്റെ പേരിൽ ചില വ്യവഹാരങ്ങളും ആരംഭിച്ചുകഴിഞ്ഞു. 'മലയാളത്തിന്റെ മാധവിക്കുട്ടി' യെന്ന ഡോക്യുമെന്ററിയുടെ പ്രദർശനം ഇതിന്റെ പേരിൽ നിർത്തിവെച്ചിരിക്കുന്നു. പർദ്ദയെക്കുറിച്ചുള്ള മാധവിക്കുട്ടിയുടെ പ്രതിലോമപരമായ അഭിപ്രായം ഇസ്ലാം മതത്തിലെ സ്ത്രീവിമോചനശ്രമങ്ങൾക്ക് പ്രതികൂലമാണ്. ഗുരുവായൂരപ്പനെക്കുറിച്ചുള്ള മാധവിക്കുട്ടിയുടെ പ്രതികരണം നവും ഒരു പുരോഹിതനാകുവാനുള്ള തപസ്യയും സർഗ്ഗാത്മകജീവിതത്തിന് അർദ്ധവിരാമം കുറിച്ച സംഭവമായിരുന്നു. സൗന്ദര്യബോധത്തിലും പ്രകൃതിയുടെ ചൈതന്യധന്യതയെക്കുറിച്ചുള്ള പരിചിന്തനത്തിലുമൂന്നിയ കാവ്യജീവിതം തന്റെ ആത്മീയോൽക്കർഷേച്ഛയ്ക്ക് വിഘാതമാണെന്നറിഞ്ഞ് അദ്ദേഹം കാവ്യരചനയിൽനിന്ന് പിൻതിരിയുകയും അതുവരെയെഴുതിയ കവിതകൾ നശിപ്പിക്കുകയും ചെയ്തു. ഒരു കപ്പൽവിച്ഛേദത്തിൽ മുങ്ങിമരിച്ച ഫ്രാൻസിസ്കൻ സഭയിലെ അഞ്ച് കന്യാസ്ത്രീകളുടെ സ്മരണാർത്ഥമാണ് പിന്നീട് അദ്ദേഹം കവിതയെഴുതാൻ തുടങ്ങിയത്. ദുരന്തത്തിനിരയായ കന്യാസ്ത്രീകളെ ക്രിസ്തുവിന്റെ തിരുമുറിവുകളായി സങ്കൽപ്പിച്ച് അദ്ദേഹമെഴുതിയ കവിത ലോകസാഹിത്യത്തിൽതന്നെ മികച്ച സൃഷ്ടിയാണ്. തന്റെ മതവിശ്വാസവും കാവ്യപ്രതിഭയും തമ്മിലുള്ള സംഘർഷമാണ് അദ്ദേഹത്തിന്റെ കവിതയിൽ പ്രതിഫലിക്കുന്നത്. ആന്തരസംഘർഷം, അചഞ്ചല

യെന്ന ഡോക്യുമെന്ററിയ
ഇതിന്റെ പേരിൽ നിർത്ത
പർദ്ദയെക്കുറിച്ചുള്ള മാ
പ്രതിലോമപരമായ അഭ
മതത്തിലെ സ്ത്രീവിമോ
പ്രതികൂലമാണ്. ഗുരുവാ
ച്ചുള്ള മാധവിക്കുട്ടിയുടെ
ഹൈന്ദവഭക്തരുടെ വിശ
പ്പെടുത്തുന്നു. ഇത് ഇന്ത്യ
സസംഹിതയ്ക്ക് നിരക
ഈ സംഭവങ്ങൾ സമൂഹ
പ്രക്ഷുബ്ധമായ രംഗങ്ങ
ക്കാം.

സാഹിത്യലോകത്ത് മ
പുതിയ സംഭവമല്ല. പതി
ണ്ടിലെ ആംഗലകവി ജെ
ഹോപ്കിൻസിന്റെ മതപര
രെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇ
ലേക്കുള്ള അദ്ദേഹത്തിന്റെ

ർത്തനം. മനഃപരിവർത്തനത്തിനുശേഷ
ള്ള മതപരിവർത്തനത്തിന് ഈ രൂപത്തി
ള്ള സ്വാധീനശക്തിയുണ്ട്.

സാഹിത്യലോകത്ത് ശ്രദ്ധേയമായ
റ്റാരു മതപരിവർത്തനം നീഗ്രോ വംശ
നായ അമേരിക്കൻ ബഹുമുഖപ്രതിഭ
ലറോയ് ജോൺസിന്റേതാണ്. കവിയും
ാടകകൃത്തും നോവലിസ്റ്റും ചിന്തകനു
മന്ന നിലയിൽ അമേരിക്കൻ സാഹിത്യ
രിത്രത്തിൽ ചിരപ്രതിഷ്ഠ നേടിയ ജോ
ൺസ്, മാൽകമിന്റെ സ്വാധീനതയിൽ കറു
തവർഗ്ഗക്കാരുടെ മുസ്ലീം സംഘടനയിൽ
ചേർന്നു. അമേരിക്കൻ സമൂഹത്തിൽ, പ്ര
ത്യേകിച്ചും അമേരിക്കൻ സാഹിത്യമേഖ
യിൽ പീഡനത്തെയും അവഗണനയെ
യും അതിജീവിക്കണമെങ്കിൽ എല്ലാ അർ
ത്ഥത്തിലും ഒരു വെള്ളക്കാരനല്ലാതായി
തീരണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.
ഴുത്ത അവബോധത്തിന്റെ ഏറ്റവും
ക്തനായ വക്താവായി അറിയപ്പെടുന്ന
ജോൺസു വെള്ളക്കാരുടെ അമേരിക്കൻ
സാഹിത്യപാരമ്പര്യങ്ങളെയും ആ പാരമ്പ
ര്യത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട
തന്റെ ആദ്യകാല രചനകളെയും തള്ളി
പ്പറയുകയും ചെയ്തു. കാർലൈലിന്റെ വീ
ക്ഷണത്തിലുള്ള ഒരു പ്രവാചകകവിയായ
ജോൺസ് തന്റെ അമേരിക്കൻ സംസ്കാ
രവും പാരമ്പര്യവും വീക്ഷണവും ഉപേ
ക്ഷിച്ചു. ഒരു മുസ്ലീം പുരോഹിതനായിത്തീ
ർന്ന അദ്ദേഹം ഇമാം അമിരിബറാക്കാ എ
ന്ന നാമധേയത്തിലാണ് ഇന്ന് സാഹിത്യ
ലോകത്ത് അറിയപ്പെടുന്നത്. പ്രതീക്ഷിച്ച
തുപോലെ, പാശ്ചാത്യവിമർശകലോകത്ത്
അദ്ദേഹത്തിന്റെ പ്രശസ്തിക്ക് മങ്ങലേറ്റു.
ജോൺസിന്റെ മതപരിവർത്തനം അദ്ദേഹ
ത്തിന്റെ അംഗീകാരത്തെ ദോഷകരമായി
ബാധിച്ചു. എന്നാൽ ഈ സംഭവം അദ്ദേ
ഹത്തിന്റെ പിൽക്കാലരചനകളെ നിർണ്ണാ
യകമായി സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തി
ന്റെ ദ്വിതീയഘട്ടത്തിലെ രചനകളിൽ പ്രക
ടമാകുന്ന ധാർമ്മികരോഷവും പ്രതിഷേ
ധവും ഇതിനുദാഹരണമാണ്. മതപരിവർ
ത്തനം നടന്നപ്പോൾ ജോൺസിന്റെ സർ
ഗ്ഗാത്മകത ഉച്ചകോടിയിലായിരുന്നു. തന്റെ
സർഗ്ഗാത്മകശക്തിക്ക് വൈവിദ്ധ്യം പകർ
ന്ന ഒരു സംഭവമായിരുന്നു ഈ മാറ്റം. നീ
ഗ്രോസംസ്കാരം, കല, സംഗീതം, നാട
കശാല എന്നിവയെക്കുറിച്ചുള്ള അദ്ദേഹ
ത്തിന്റെ രചനകളും നാടകസംവിധായകൻ
പത്രാധിപർ എന്നീ നിലകളിലുള്ള അദ്ദേ
ഹത്തിന്റെ പ്രവർത്തനവും ഇതിന് തെളി
വാണ്. പീഡനാവഗണനകൾക്കെതിരെയു
ള്ള പ്രതിഷേധമാണ് ജോൺസിനെ മത
പരിവർത്തനത്തിലേക്കു നയിച്ചത്. ഇത്
അദ്ദേഹത്തിന്റെ ദൃഢചിത്തതയുടെ പരി
ണിതഫലമാണ്.

ക്രിസ്തുമതത്തിലേക്ക് മതപരിവർത്ത
നത്തിന് തയ്യാറെടുത്തിരുന്ന ഒരു മഹാ പു
രുഷനാണ് ഗാന്ധിജി. ആത്മാവിന്റെ മോ
ചനം ക്രിസ്തുവിലൂടെ മാത്രമേ സാദ്ധ്യ
മാവൂ എന്ന മതശാഠ്യവും എല്ലാ ധർമ്മ
സംഹിതകളുടെയും ഒരു ബ്രഹ്മാണ്ഡമാ
ണ് വേദോപനിഷത്തുകളെന്ന തിരിച്ചറി
വും അദ്ദേഹത്തെ അതിൽനിന്നും പിന്തി
രിപ്പിച്ചു. ഈ തിരിച്ചറിവ് നമുക്കില്ലാത്ത
താണ് മതപരമായ അസഹിഷ്ണുതയ്ക്ക്
കാരണം. ഭാരതത്തിന്റെ ഇന്നത്തെ ശാപ
വുമതുതന്നെ.

മാധവിക്കുട്ടിയുടെ മതപരിവർത്തന
ത്തിന് സമൂഹത്തോടുള്ള പ്രതിഷേധമോ
ധാർമ്മികരോഷമോ (നിരാക്ഷേപമായി
തെളിയിക്കാവുന്ന മനഃപരിവർത്തനമോ)
കാരണമല്ല. അവരുടെ സാഹിത്യജീവിത
സായാഹ്നത്തിലെ ഒരു സാഹസികതയാ
ണിതെന്ന് പലർക്കും തോന്നാം. ഈ മത
പരിവർത്തനം മാധവിക്കുട്ടിയുടെ സാഹി
ത്യജീവിതത്തെയോ സർഗ്ഗാത്മകവൈഭവ
ത്തെയോ കാര്യമായി ബാധിക്കില്ല. അവർ
അപരിഹാര്യമായ സർഗ്ഗാത്മകക്ഷയം അ
നുഭവിക്കുന്നു എന്നതുതന്നെ കാരണം.
ഔചിത്യബോധമാണ് സർഗ്ഗാത്മകസൃ
ഷ്ടിയുടെ അളവുകോലെന്ന് ആംഗലനി